**Athmaraksha.org**

കുടുംബപ്രാർത്ഥനകൾ

## തിരുകുടുംബത്തോടുള്ള പ്രാർത്ഥന-Holy family



### തിരുകുടുംബത്തോടുള്ള പ്രാർത്ഥന

തിരുകുടുംബത്തിന്റെ നാഥയായ അമ്മേ, കുടുംബസമാധാനം ഇല്ലാതെ വലയുന്ന എല്ലാ കുടുംബങ്ങളെയും അമ്മയ്ക്കായി സമർപ്പിക്കുന്നു. പ്രത്യകിച്ച് എന്റെ കുടുംബത്തെയും സമർപ്പിക്കുന്നു. യൗസേപ്പിതാവിനോടും ഈശോയോടും ഒപ്പം അമ്മ എന്റെ കുടുംബത്തിലേയ്ക്കു കടന്നു വരേണമേ. അമ്മ ഈ കുടുംബത്തിന്റെ നേതൃത്വം ഏറ്റെടുക്കണമേ. ഇവിടെയുള്ള എല്ലാ കുറവുകളും കണ്ടെത്തി അവ പരിഹരിച്ച് തരാൻ അമ്മ ഈശോയോട് മാധ്യസ്ഥം അപേക്ഷിക്കണമേ. എന്റെ സങ്കടങ്ങളിൽ അമ്മ ചേർന്നിരിക്കണമേ.

സമാധാനത്തിന്റെ വെള്ളക്കൊടി അമ്മ ഇവിടെ സ്ഥാപിക്കണമേ. മറ്റൊരു തിരുക്കുടുംബമായി തീർന്നുകൊണ്ട് അമ്മയോടൊപ്പം ദൈവത്തെ പാടി സ്തുതിക്കുവാൻ സാധിക്കത്തക്ക വിധത്തിൽ ഈ കുടുംബത്തെ അമ്മ മാറ്റിയെടുക്കണമേ. അമ്മയുടെ വിചാരവികാരങ്ങളും വിശുദ്ധിയും ഈ കുടുംബത്തിൽ ഓരോ അംഗങ്ങൾക്കും നല്കണമേ! ആമ്മേൻ..

+++